# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 626</u>  <u>02.04.2018 -ൽ മറുപടിക്ക്</u>

## <u>പെപ്പർ ടൂറിസം പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ജനപങ്കാളിത്തത്തോടെയുള്ള വിനോദ സഞ്ചാര പദ്ധതിയായ പെപ്പർ ടൂറിസം കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. ജനപങ്കാളിത്തത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പാക്കി വരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഉത്തരവാദിത്ത ടൂറിസം മിഷനാണ്. ഇൻഡ്യയിൽ തന്നെ ഇദംപ്രഥമമായുള്ള ഒരു ടൂറിസം വികസന പദ്ധതിയാണ് പെപ്പർ. ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് പെപ്പർ പദ്ധതിയുടെ ലക്ഷ്യം (PEPPER - PEOPLE'S PARTICIPATORY TOURISM PLANNING AND EMPOWERMENT THROUGH RESPONSIBLE TOURISM). ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവയ്പാണ് ഈ പദ്ധതി. ടൂറിസം പദ്ധതികൾ സംബന്ധിച്ച് പ്രാദേശിക ജനകീയ ചർച്ചകളിലൂടെയും ഗ്രാമസഭകൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ സ്വാംശീകരിച്ച് ടൂറിസം വകുപ്പിന് സമർപ്പിക്കുകയും അവ അംഗീകരിച്ച് നിർവ്വഹണം നടത്തുകയും ചെയ്യുകയാണ് പെപ്പർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ടൂറിസം സാധ്യതയുള്ള കേന്ദ്രങ്ങൾ ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന പ്രക്രിയയാണിത്. തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന ആസൂത്രണ പ്രക്രിയയാണിത്. |
| ബി) ജനങ്ങളുടെ ഉത്തരവാദിത്തത്തോടെയുള്ള ഈ വിനോദ സഞ്ചാര വികസന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ഇന്ത്യയിൽ ആദ്യമായി ജനപങ്കാളിത്തത്തോടെയുള്ള ഒരു ടൂറിസം ആസൂത്രണ പ്രക്രിയയിലൂടെ തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന |

പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വൈക്കത്താണ് ഇതിന് തുടക്കം കുറിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| സി) പരമ്പരാഗത വ്യവസായങ്ങളെ ടൂറിസം വികസനവുമായി കൂട്ടിയിണക്കുന്നതിന് എത്തരത്തിൽ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | സി) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി പരമ്പരാഗത വ്യവസായങ്ങളെ ടൂറിസം വികസനവുമായി കൂട്ടിയിണക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് ആവിഷ്കരിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ ടൂറിസം പാക്കേജുകൾ എന്ന പേരിൽ ഇപ്പോൾ ടൂർ പാക്കേജുകൾ ഇതിന്റെ ഭാഗമായി നടത്തി വരുന്നുണ്ട്. ഈ പാക്കേജിൽ നിന്നും ലഭ്യമാകുന്ന തുക അതാത് പരമ്പരാഗത തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കാണ് ലഭിക്കുന്നത്. |
| ഡി) സംസ്ഥാനത്തെ ആദ്യത്തെ പെപ്പർ ടൂറിസം കേന്ദ്രം എവിടെയാണ്; അവിടെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | ഡി) ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ വൈക്കത്താണ് നടപ്പാക്കി വരുന്നത് വൈക്കത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂട്ടിയിണക്കിയുള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്, ഉദയനാപുരം, ടി.വി. പുരം, വെച്ചൂർ, തലയാഴം, കല്ലറ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും രണ്ടാം ഘട്ടത്തിൽ തലയോലപ്പറമ്പ്, വെള്ളൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാകുന്നതാണ്. |
| ഇ) കേരളത്തിലെ മറ്റിടങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുമോ എന്ന് വെളിപ്പെടുത്താമോ? | ഇ) പെപ്പർ പദ്ധതി ഘട്ടംഘട്ടമായി കേരളത്തിലെ മറ്റ് മേഖലകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 2018-19, 2019-20 എന്നീ വർഷങ്ങളിൽ 20 കേന്ദ്രങ്ങൾ വീതവും 2020-21-ൽ 10 കേന്ദ്രവും ഉൾപ്പെടെ 50 കേന്ദ്രങ്ങളിൽ കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ